**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2026 — 11.02.2020-ൽ മറുപടിക്ക്

**കുട്ടികൾക്കെതിരായ ഓൺലൈൻ ലൈംഗികാതിക്രമം**

**ചോദ്യം**

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ

(എ) കുട്ടികൾക്കെതിരായ ഓൺലൈൻ ലൈംഗികാതിക്രമം സംബന്ധിച്ച അന്വേഷണം ഏകോപിപ്പിക്കുവാനും, നിരീക്ഷിക്കുവാനുമുള്ള സംവിധാനം നിലവിലുണ്ടോ;

(ബി) സംസ്ഥാനത്ത് കുട്ടികൾക്കെതിരായ അതിക്രമം കൂടിവരുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിനായി പ്രത്യേക പോലീസ് സംവിധാനം ഒരുക്കിയിട്ടുണ്ടോ;

(സി) ഇന്റർനെറ്റിന് അടിമയായിട്ടുള്ള കുട്ടികൾക്ക് കൗൺസിലിംഗ് ഉൾപ്പെടെയുള്ള സഹായം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ എന്തെല്ലാമാണ്;വിശദമാക്കാമോ?

**ഉത്തരം**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) & (ബി) കുട്ടികൾക്കെതിരായ ഓൺലൈൻ ലൈംഗികാതിക്രമം സംബന്ധിച്ച് അന്വേഷണം ഏകോപിപ്പിക്കുന്നതിനായി പ്രത്യേക സംവിധാനം, Counter Child Sexual Exploitation Centre (CCSE) എന്ന പേരിൽ തിരുവനന്തപുരം പേരൂർക്കട ആസ്ഥാനമാക്കി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(സി) പ്രസ്തുത വിഷയത്തിന്റെ ഗൗരവവും പ്രാധാന്യവും കണക്കിലെടുത്തുകൊണ്ട് പോലീസ് ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനും കുറ്റവാളികൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനും P-Hunt എന്ന രഹസ്യ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കുട്ടികളുമായി ബന്ധപ്പെട്ട് കേരള പോലീസ് നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ സംസ്ഥാനതല നോഡൽ സെന്റർ മുഖേന കുട്ടികൾക്ക് കൗൺസിലിംഗ് ഉൾപ്പെടെയുള്ള സഹായം ഏർപ്പെടുത്തുന്ന കാര്യം പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ